● കനത്ത മഴയെ തുടർന്ന് അനിശ്ചിതകാലസമരം നടത്തി വരുന്ന ആശാവർക്കർമാർ സമരപന്തലിൽ കെട്ടിയ ടാർപോളിൻ ഷീറ്റ് പോലീസ് എടുത്തുമാറ്റിയതിനെ തുടർന്ന് കേന്ദ്ര മന്ത്രി സുരേഷ് ഗോപി ആശാവർക്കർ മാർക്ക് കുടകളും റെയിൻ കോട്ടുകളും നൽകാനെത്തിയപ്പോൾ – രാജേഷ് മേനോൻ

പാച്ചല്ലൂർ ഇലങ്കം ഭഗവതി ക്ഷേത്രം പുനപ്രതിഷ്ഠ മഹോത്സവവും ക്ഷേത്ര സമുച്ചയ സമർപ്പണവും

തിരുവല്ലം : പാച്ചല്ലൂർ ഇലങ്കം ശ്രീ ഭഗവതി ക്ഷേത്രത്തിലെ ദേവപ്രശ്ന പരിഹാരക്രിയയും. പുന പ്രതിഷ്ഠാ മഹോത്സവവും . ക്ഷേത്ര സമുച്ചയ സമർപ്പണവും മാർച്ച് മൂന്നു മുതൽ ആറു വരെ നടക്കും.

മാർച്ച് ആറാം തീയതി പകൽ 10 .45 നും 11. 40നും മധ്യേ പ്രതിഷ്ഠ ചടങ്ങുകൾ ക്ഷേത്രതന്ത്രി ബൈലൂർ മന ബി. ആർ . അനന്തേശ്വര ഭട്ടിന്റെ മുഖ്യകാർമികത്വത്തിൽ നടക്കും. വൈകുന്നേരം അഞ്ചുമണിക്ക് ക്ഷേത്ര സമുച്ചയ സമർപ്പണ ചടങ്ങുകൾ നടക്കും. ദീപ പ്രജ്വലനവും ക്ഷേത്രനടമണ്ഡപ ഉദ്ഘാടനവും എൻ എസ് എസ് തിരുവനന്തപുരം താലൂക്ക് യൂണിയൻ പ്രസിഡൻറ് എം. സംഗീത് കുമാർ നിർവഹിക്കും. ദീപ പ്രജ്വലനവും ക്ഷേത്ര സമുച്ചയ ഉദ്ഘാടനവും കൊല്ലൂർ ശ്രീ മൂകാംബിക ദേവി ക്ഷേത്ര മുഖ്യ പുരോഹിതനായി സേവനം അനുഷ്ഠിക്കുന്ന ബ്രഹ്മശ്രീ കെ . എൻ. സുബ്രഹ്മണ്യ അഡിഗ നിർവഹിക്കുകയും തുടർന്ന് നടക്കുന്ന പൊതു ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്യും.

പ്രസ്തുത ചടങ്ങിൽ പാച്ചല്ലൂർ എൻ എസ് എസ് കരയോഗം പ്രസിഡൻറ് എസ്. കൃഷ്ണൻകുട്ടി നായർ അധ്യക്ഷത വഹിക്കും. എൻ എസ് എസ് കരയോഗം സെക്രട്ടറി എ .ആർ സന്തോഷ് കുമാർ സ്വാഗതം ആശംസിക്കും. റിപ്പോർട്ട് ക്ഷേത്ര നവീകരണകമ്മിറ്റി കൺവീനർ എം.ഗോപകുമാർ അവതരിപ്പിക്കും. പ്രസ്തുത ചടങ്ങിൽ എൻ എസ് എസ് കരയോഗം വൈസ് പ്രസിഡൻറ് അഡ്വക്കേറ്റ് ആർ .ജയകൃഷ്ണൻ, എൻ എസ് എസ് കരയോഗം ട്രഷർ ബി .ഗോപാലകൃഷ്ണൻ നായർ എന്നിവർ ആശംസകൾ അർപ്പിക്കും. ക്ഷേത്ര നവീകരണ കമ്മറ്റി ചെയർമാൻ കെ .കൃഷ്ണൻകുട്ടി നായർ കൃതജ്ഞതയും രേഖപ്പെടുത്തും.

തുടർന്ന് രാത്രി 7 മണിക്ക് ഗാന സന്ധ്യ. നാലാം തീയതി വൈകുന്നേരം. നാലുമണിക്ക് നടക്കുന്ന വിഗ്രഹ ഘോഷയാത്രയിൽ എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു.

● കൊല്ലം കോടതി സമുച്ചയ നിർമാണ സ്ഥലം ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സന്ദർശിക്കുന്നു.

കൊല്ലം കോടതി സമുച്ചയ നിർമാണ സ്ഥലം ജസ്റ്റിസ് സന്ദർശിച്ചു

കൊല്ലം: കോടതി സമുച്ചയ നിർമാണ സ്ഥലം കോടതികളുടെ ചുമതലയുള്ള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സന്ദർശിച്ചു. കോടതികളുടെ പതിവ് പരിശോധനയ്ക്കു ശേഷമാണ് അദ്ദേഹം കോടതി സമുച്ചയ നിർമാണ സ്ഥലം സന്ദർശിച്ചത്. നിർമാണ പുരോഗതിയിൽ അദ്ദേഹം തൃപ്തി പ്രകടിപ്പിച്ചു. ഒന്നര വർഷത്തിനകം പണി പൂർത്തികരിക്കുമെന്ന് കരുതുന്നതായി അദ്ദേഹം പറഞ്ഞു. തുടർന്ന് ബാർ അസോസിയേഷനിൽ എത്തി അഭിഭാഷകരോട് സംവദിച്ച ശേഷം കൊല്ലം മതിലിൽ ആരംഭിക്കുന്ന വിജിലൻസ് കോടതി കെട്ടിടവും സന്ദർശിച്ചു.

വിജിലൻസ് കോടതി ഉടൻ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ ആരംഭിക്കാൻ വിജിലൻസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കൊല്ലം ജില്ലാ ജഡ്ജ് പി. മായാദേവി, ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് കെ.വി.നയന, കൊല്ലം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ഓച്ചിറ എൻ.അനിൽകുമാർ, സെക്രട്ടറി അഡ്വ. എ.കെ.മനോജ് എന്നിവർ പങ്കെടുത്തു.

സി.പി.എം. സംസ്ഥാന സമ്മേളനം: സെമിനാർ നടത്തി

കൊല്ലം: തെരഞ്ഞെടുപ്പുകൾ ഒന്നിച്ച് നടത്തിയാൽ ചെലവും മനുഷ്യാധ്വാനവും കുറയുമെന്നത് വെറും മിഥ്യാധാരണയാണെന്നു സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ചെലമേശ്വർ. സി.പി.എം. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്; ജനാധിപത്യവും ഫെഡറലിസവും നേരിടുന്ന പ്രത്യാഘാതങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മന്ത്രി കെ. എൻ.ബാലഗോപാൽ, അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ്, അഡ്വ. കെ.സോമപ്രസാദ്, അഡ്വ. പി.അയിഷാ പോറ്റി, അഡ്വ.സി.പി.പ്രമോദ്, എസ്.സുദേവൻ, ജെ.മേഴ്സിക്കുട്ടിയമ്മ, എസ്.ജയമോഹൻ, ചിന്താ ജെറോം, അഡ്വ. ഓച്ചിറ അനിൽകുമാർ, അഡ്വ.പി.കെ. ഷിബു എന്നിവർ പ്രസംഗിച്ചു.

തയ്യൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു

കോവളം :സേവാഭാരതി വെങ്ങാനൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി സേവാ ബസ്തി ഗ്രാമമായ വെണ്ണിയൂർ കാട്ടുകുളത്ത് തയ്യൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. സേവാഭാരതി ജില്ലാ കമ്മിറ്റി അംഗം ഡോ. ആര്യ കൃഷ്ണൻ, ഡോ. അർജുൻ ചന്ദ്, സേവഭാരതി വെങ്ങാനൂർ യൂണിറ്റ് പ്രസിഡന്റ് സദാശിവൻ നായർ, സെക്രട്ടറി വിജയൻ നായർ, വൈസ് പ്രസിഡന്റ് മുരളീധരൻ, ഐ.ടി കോഡിനേറ്റർ വിമൽകുമാർ, ജോ. സെക്രട്ടറി ശ്രീജിത്ത്, സേവ ബെസ്തി കൺവീനർ സുദർശനൻ തുടങ്ങിയവർ പങ്കെടുത്തു. തയ്യൽ പഠിക്കുന്നവർക്ക് വേണ്ടിയുള്ള രജിസ്ട്രേഷൻ ആരംഭിച്ചതായി ഭാരവാഹികൾ അറിയിച്ചു.

ഗാന്ധിജിയുടെ കൊല്ലം സന്ദർശനം: സ്വാഗത സംഘം രൂപീകരിച്ചു

കൊല്ലം: മാഹാത്മാ ഗാന്ധിജിയുടെ കൊല്ലം സന്ദർശനത്തിന്റെ നൂറാം വാർഷികം വിപുലമായി ആഘോഷിക്കാൻ കെ.പി.സി.സി വിചാർ വിഭാഗ് കൊല്ലം ജില്ലാ കമ്മിറ്റി. ഗാന്ധി പീസ് ഫൗണ്ടേഷൻ, കേരള യൂത്ത് പ്രമോഷൻ കൗൺസിൽ ഉൾപ്പെടെയുള്ള വിവിധ ഗാന്ധിയൻ സംഘടനകളുടെ സഹകരണത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ഗാന്ധി ചിത്ര പ്രദർശനം, ഗാന്ധി സിനിമാ പ്രദർശനം, വിദ്യാർഥികൾക്കും യുവജനങ്ങൾക്കുള്ള വിവിധ മത്സരങ്ങൾ, ചരിത്ര സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

സ്വാഗത സംഘം രൂപീകരണ യോഗം ജില്ലാ കോൺഗ്രസ് അധ്യക്ഷൻ പി.രാജേന്ദ്രപ്രസാദ് ഉദ്ഘാടനം ചെയ്തു. വിചാർ വിഭാഗ് ജില്ലാ ചെയർമാൻ ജി.ആർ. കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. മുൻ മന്ത്രി സി.വി.പത്മരാജൻ രക്ഷാധികാരിയും ഡി.ഡി.സി. പ്രസിഡന്റ് പി.രാജേന്ദ്രപ്രസാദ് ചെയർമാനും വിചാർ വിഭാഗ് ജില്ലാ ചെയർമാൻ ജി. ആർ.കൃഷ്ണകുമാർ ജനറൽ കൺവീനറുമായാണ് സ്വാഗത സംഘം രൂപികരിച്ചത്.

അടിപ്പാത നിർമാണം: പ്രതിഷേധവുമായി പൗരസമിതി

കരുനാഗപ്പള്ളി: പുത്തൻതെരുവിൽ ദേശീയപാത നിർമാണത്തിൽ അടിപ്പാത ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പുത്തൻതെരുവ് ഓഫീസിൽ പ്രതിഷേധവുമായി കെ.എസ്.പുരം പൗരസമിതി. പ്രകടനവുമായി എത്തിയ പ്രവർത്തകർ നാഷണൽ ഹൈവേ പ്രോജക്ട് ഡയറക്ടർക്ക് ഭീമ ഹർജി നൽകി. സർക്കാർ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഫാക്ടറികൾ തുടങ്ങി പ്രധാനപ്പെട്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ജനവാസ കേന്ദ്രത്തിൽ റോഡ് ക്രോസ് ചെയ്യാൻ സംവിധാനമൊരുക്കാതെ നടപ്പിലാക്കുന്ന ദേശീയപാത നിർമാണത്തെ പൗരസമിതി ശക്തമായി പ്രതിഷേധിച്ചു.

പൗരസമിതി പ്രസിഡന്റ് കെ.എസ്.പുരം സുധീറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ ധർണ സാമൂഹ്യ പ്രവർത്തകനായ നീലികുളം സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ഹുസൈബ, ദീപക്, സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് മുഹമ്മദ് മുസ്തഫ, ജമാഅത്ത് സെക്രട്ടറി ആദിനാട് നാസർ, കൃഷ്ണപിള്ള, അജ്മൽ തുടങ്ങിയവർ പ്രസംഗിച്ചു.

കുറ്റിവട്ടം സ്കൂൾ വാർഷികം ആഘോഷിച്ചു

കുറ്റിവട്ടം: കുറ്റിവട്ടം ഗവ. മുഹമ്മദൻ എൽ.പി. സ്കൂളിന്റെ 123 –ാമത് വാർഷികം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഡോ. സുജിത്ത് വിജയൻപിള്ള എം.എൽ.എ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

●കുറ്റിവട്ടം ഗവ. മുഹമ്മദൻ എൽ.പി. സ്കൂളിന്റെ വാർഷിക പൊതുസമ്മേളനം ഡോ. സുജിത്ത് വിജയൻപിള്ള എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

എസ്.എം.സി ചെയർമാൻ ഷാനവാസ് അധ്യക്ഷതവഹിച്ച യോഗത്തിൽ പന്മന ഗ്രമപഞ്ചായത്ത് പ്രസിഡന്റ് പി.ശ്രീകല ചവറ ബി.ആർ.സി ട്രെയിനർ സിന്ധുവിന് ഉപഹാരം നൽകി.

ചവറ എ.ഇ.ഒ ടി.കെ.അനിത, വിദ്യകിരണം കൊല്ലം ജില്ലാ കോഡിനേറ്റർ കിഷോർ കൊച്ചയ്യം, ഹെഡ്മാസ്റ്റർ അനീസ് മുഹമ്മദ്, സദ്ദാം ഷെഫീർ, അമ്പിളി, പ്രഫ. അബ്ദുൽ റസാഖ്, അഡ്വ. സുനിൽ വിശ്വനാഥ്, എ.എം.സാലി, അംജിത് യൂസുഫ്, എൽ.എസ്.വിജയി, എസ്.നിവേദ്യ, വിജി, കുറ്റിവട്ടം കെ.അബ്ദുൽ ജലീൽ, എം.മുംതാസ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും നടന്നു.

കഫേ കുടുംബശ്രീ ദേശീയ ഭക്ഷ്യമേള

കൊല്ലം: കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹകരണത്തോടെ കഫേ കുടുംബശ്രീ ഇന്ത്യ ഫുഡ് കോർട്ട് ദേശീയ ഭക്ഷ്യമേളയ്ക്ക് തുടക്കമായി.

ആശ്രാമം മൈതാനിയിൽ ഒരുക്കിയ മേളയിൽ കൊല്ലത്തിന്റെ തനതു രുചികൾക്ക് പുറമെ തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒഡിഷ, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള സംരഭകർ 20 സ്റ്റാളുകളിലായി ഭക്ഷ്യവിഭവങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭക്ഷ്യമേള ഒമ്പതിന് സമാപിക്കും.

കൊല്ലം 75: പ്രദർശന വിപണനമേള ഇന്നു മുതൽ

കൊല്ലം: കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75–ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ– പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇന്നു മുതൽ 10 വരെ ആശ്രാമം മൈതാനിയിൽ കൊല്ലം–75 പ്രദർശന വിപണന മേള നടക്കും. ഇന്ന് വൈകിട്ട് അഞ്ചിന് ധനകാര്യ മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. കൊല്ലത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചറിയുന്നതിനുള്ള പ്രത്യേക തീം ഏരിയയും വിനോദത്തിനും വിജ്ഞാനത്തിനുമുള്ള പരിപാടികളും ഒരുക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കൊപ്പം കൊല്ലത്തിന്റെ വികസന മുന്നേറ്റം, ഭാവി സാധ്യതകൾ തുടങ്ങിയവ മേളയിൽ അവതരിപ്പിക്കും. വിവിധ വകുപ്പുകളുടെ തീം–വിപണന സ്റ്റാളുകൾ, പുസ്തക മേള, സാഹിത്യചർച്ച, കവിയരങ്ങ് എന്നിവ മേളയുടെ ഭാഗമായി നടക്കും. പ്രമുഖ കലാകാരാർ അണിനിരക്കുന്ന കലാപരിപാടികൾ വൈകുന്നേരങ്ങളിൽ നടക്കും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. ഇൻഫർമേഷൻ – പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഏകോപനത്തിൽ ജില്ലാ ഭരണകൂടവും സർക്കാരിന്റെ വിവിധ വകുപ്പുകളും ചേർന്നാണ് പ്രദർശനം ഒരുക്കുന്നത്. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും തീം സ്റ്റാളുകൾ, തത്സമയ സേവനം നൽകുന്ന സ്റ്റാളുകൾ, വ്യവസായ– വാണിജ്യ–സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള വിപണന സ്റ്റാളുകൾ തുടങ്ങിയവ ഉണ്ടാകും.

പി.എൻ. പണിക്കർ അനുസ്മരണം

പരവൂർ: കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ശിൽപിയും കേഡസിന്റെ സ്ഥാപകനുമായ പി.എൻ.പണിക്കരെ ജന്മദിനത്തിൽ അനുസ്മരിച്ചു. പി.എൻ.പണിക്കർ ഫൗണ്ടേഷനും ഗ്രാമശ്രീയും സംയുക്തമായി സംഘടിപ്പിച്ച അനുസ്മരണം ഗ്രാമശ്രീ പ്രസിഡന്റ് പരവൂർ സജീബ് ഉദ്ഘാടനം ചെയ്തു. എ.മാഹീൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഷിബു, മനു പ്രസാദ്, രഞ്ജിത്ത്, സജിത്ത് എന്നിവർ പ്രസംഗിച്ചു.

പുതിയകാവ് ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തിന് ഇന്നു തുടക്കം

കൊല്ലം: കൊല്ലം പുതിയകാവ് ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവം ഇന്ന് രാവിലെ 5.30ന് അഷ്ടദ്രവ്യ മഹാഗണപതി ഹോമത്തോടെ ആരംഭിക്കും. തുടർന്ന് 8.30ന് കാപ്പുകെട്ട്, വൈകിട്ട് 6.30ന് ഭക്തിഗാനമേള. നാളെ രാവിലെ 9.30ന് അധ്യാത്മിക പ്രഭാഷണം, വൈകിട്ട് 5.30ന് അരയാൽപൂജ, 6.30ന് ഭരതനാട്യമാർഗം. അഞ്ചിന് രാവിലെ 5.30ന് മഹാമൃത്യുഞ്ജയഹോമം, 7.30ന് നാരായണീയം, വൈകിട്ട് 6.30ന് സംഗീതസന്ധ്യ. ആറിന് രാവിലെ 7.30ന് സമ്പൂർണ നാരായണീയ പാരായണം, വൈകിട്ട് 6.30ന് തിരുവാതിരകളി, രാത്രി ഏഴിന് ഗാനമഞ്ജരി. ഏഴിന് രാവിലെ ഏഴിന് ദേവിമാഹാത്മ്യ പാരായണം. 10.30ന് നാരങ്ങാവിളക്ക് പൂജ, വൈകിട്ട് 5.30ന് തുളസീപൂജ, 6.30ന് എറിറ്റ്സാ ഡാൻസ് തെറാപ്പി. എട്ടിന് രാവിലെ ഒൻപതിന് ശനിദോഷ പരിഹാരപൂജ, വൈകിട്ട് ഏഴിന് നൃത്തസന്ധ്യ.

ഒൻപതിന് രാവിലെ 9–ന് നവഗ്രഹപൂജ, രാത്രി 7–ന് നൃത്തസന്ധ്യ. 10–ന് രാവിലെ 9–ന് ഗോമാതാപൂജ, വൈകിട്ട് 6.30–ന് തിരുവാതിര, രാത്രി 7–ന് കൈകൊട്ടിക്കളി. 11–ന് രാവിലെ 6–ന് വിൽപ്പാട്ട്, 11–ന് പടുക്കസമർപ്പണം, വൈകിട്ട് 6.30–ന് ഭക്തി സംഗീത സന്ധ്യ. 12–ന് വൈകിട്ട് 5.30–ന് സമൂഹ സാരസ്വതയജ്ഞം, രാത്രി 7–ന് ആനന്ദസംഗീതം. 13–ന് രാവിലെ 10–ന് സംഗീതസദസ്, രാത്രി ഏഴിന് സംഗീതസന്ധ്യ. 14–ന് രാവിലെ ഏഴിന് പാൽക്കുടം എഴുന്നള്ളത്ത്, 10ന് പൊങ്കാലയ്ക്ക് അടുപ്പ് കത്തിക്കൽ, മഞ്ഞനീരാട്ട്, വൈകിട്ട് അഞ്ചിന് ശക്തികുംഭം എഴുന്നള്ളത്ത്, രാത്രി ഏഴിന് കർണാട്ടിക് സംഗീത കച്ചേരി, ഒൻപതിന് മേജർസെറ്റ് കഥകളി, ഒന്നിന് ഗുരുതിതർപ്പണം.

സന്ധി മാറ്റിവയ്ക്കൽ നിങ്ങളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നു

SUT PATTOM Super Specialty Hospital BR LIFE

ഞങ്ങളുടെ മികവുറ്റ വിദഗ്ദ്ധർ നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു

ഡിപ്പാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്

വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.

SK HOSPITAL Teaching Human Lives

9645611118 HEAL ON WHEEL

Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

Registered Address: 11th Floor, Tower A, Peninsula Business Park, Ganpatrao Kadam Marg, Lower Parel, Mumbai – 400013.
Branch Address: TATA CAPITAL HOUSING FINANCE LIMITED, Ground Floor, Jain Tower - II, NH- 17, Near Lulu Mall, Edapally, Cochin 682024, Kerala.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇൻറെസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം
സെക്യൂരൈറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇൻറസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള 15 ദിവസത്തെ ഇ-ലേല അറിയിപ്പ്

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിൻെറ (ടിസിഎച്ച്എഫ്എൽ), അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വിണ്ടെടുപ്പില്ലാത്ത വിധത്തിൽ **20-03-2025** ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു **20-03-2025.** ന് **ഉച്ചയ്ക്ക്** 2.00 **മണിക്ക്** ഇലേല വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിൻെറ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് **19-03-2025** ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ **ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്,** ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം എന്ന ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. ,
സുരക്ഷിതവസ്തുവിൻെറ/സ്ഥാവരവസ്തുവിൻെറ വിൽപന എന്താണോ അത് എന്ന വ്യവസ്ഥയനുസരിച്ച താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരാമയ അവകാശി/ നിയമപരമായ പ്രതിനിധിയുടെ പേർ	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരത ദ്രവ്യം	ഏറ്റെടുക്കൽ സ്വഭാവം	കുടിശിക 21-02-2025 തീയതിയനുസരിച്ച്
1.	TCHHL0472 0001001551 51 & TCHIN04720 0010015554 2	ശ്രീ.പ്രജിത് പി ശ്രീമതി രശ്മി പി.എസ്.	ലോൺ അക്കൗണ്ട് നമ്പർ TCHHL0472000100155151 പ്രകാരം രൂപ. 7,31,379 /- ഉം ലോൺ അക്കൗണ്ട് നമ്പർ TCHIN0472000100155542 പ്രകാരം രൂപ. 69,491 /- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക രൂപ. 8,00,870/- കുടിശികയാണ്. 14-03-2024 പ്രകാരം	Rs. 7,40,000/- (രൂപ ഏഴു ലക്ഷത്തി നാല്പതിനായിരം മാത്രം)	Rs. 74,000/- (രൂപ എഴുപത്തിനാലായിരം മാത്രം)	ഭൗതികം	രൂപ. 878114/- കരാർ നമ്പർ TCHHL0472000100155151 അനുസരിച്ചും രൂപ. 149451/- കരാർ നമ്പർ TCHIN0472000100155542 പ്രകാരവും രണ്ടും കൂടി ചേർത്ത് മൊത്തം രൂപ.1027565/- കുടിശികയായിരിക്കുന്നത് നിങ്ങൾ അടയ്ക്കേണ്ടതാണ്.

സ്ഥാവര സ്വത്തിന്റെ വിവരണം: വസ്തുവിന്റെ പട്ടിക:ക്രമനമ്പർ: 1, ജില്ല: തിരുവനന്തപുരം, ഉപജില്ല: മലയിൻകീഴ്, താലൂക്ക്: കാട്ടാക്കട, വില്ലേജ്: മലയിൻകീഴ്, ദേശം/മുറി: മലയിൻകീഴ്, പഞ്ചായത്ത്: മലയിൻകീഴ്, റീസർവ്വേബ്ലോക്ക് നമ്പർ: 7, റീസർവെ നമ്പർ: 120/22-2-1-3, പഴയ സർവേ നമ്പർ: 46/1ബി, വിസ്തീർണ്ണം (വിസ്തീർണ്ണം/ചതുരശ്ര മീറ്റർ): 2.02 ആർ, വസ്തുവിന്റെ സ്വഭാവം/തരം: ജന്മം/ പുരയിടം, വിൽപ്പനക്കാരൻ പട്ടയ നമ്പർ: 30916. വസ്തു വിവരണം: കാട്ടാക്കട താലൂക്കിലെ മലയിൻകീഴ് വില്ലേജിലെ റീസർവ്വേ നം. 120/22-2-1-3ൽ സർവ്വേ നം.46/1ബിയിൽ 2.02 ആർ വിസ്തീർണ്ണമുള്ള ഭൂമിയും മുഴുവൻ ഭാഗവും., ഒപ്പം മലയിൻകീഴ് പഞ്ചായത്തിലെ താമസകെട്ടിടവും സഹിതം, തിരുവനന്തപുരം രജിസ്ട്രേഷൻ ജില്ലയിൽ മലയിൻകീഴ് സബ് രജിസ്ട്രേഷൻ ജില്ലയിൽ ശ്രീ.പ്രജിത്ത് പിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3-10-2022ലെ സെയിൽ ഡീഡ് നമ്പർ.3662/2022ൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ അവകാശങ്ങളും സഹിതം. അതിരുകൾ: കിഴക്ക്: സ്വകാര്യ റോഡ്, വടക്ക്: അരുൺകുമാറിന്റെ സ്വത്ത്, പടിഞ്ഞാറ്: ജയലക്ഷ്മിയുടെ സ്വത്ത്, തെക്ക്: ഷിജുവിന്റെ സ്വത്ത്.

| 2. | 100063501 & 100063502 | ശ്രീമതി പുഷ്പ സി. ശ്രീ.രാജൻ സി. അമ്മ എൻജിനീയറിങ് വർക്സ് | ലോൺ അക്കൗണ്ട് നമ്പർ 100063501 പ്രകാരം രൂപ. 2332111/- ഉം ലോൺ അക്കൗണ്ട് നമ്പർ 100063502 പ്രകാരം രൂപ. 153241/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക രൂപ. 2485352/- & 15-02-2022 | Rs. 21,90,000/- (രൂപ ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറായിരം മാത്രം) | Rs. 2,19,000/- (രൂപ രണ്ട് ലക്ഷത്തി പത്തൊമ്പതിനായിരം മാത്രം) | ഭൗതികം | രൂപ.344937/- കരാർ നമ്പർ TCHIN0472000100063502 അനുസരിച്ചും രൂപ. 3311882/- കരാർ നമ്പർ TCHHL0472000100063501 പകാരവും രണ്ടും കൂടി ചേർത്ത് മൊത്തം രൂപ. 3656819/- കുടിശികയായിരിക്കുന്നത് നിങ്ങൾ അടയ്ക്കേണ്ടതാണ്. |

സ്ഥാവര സ്വത്തിന്റെ വിവരണം:ക്രമനമ്പർ: 1, ജില്ല: തിരുവനന്തപുരം, , ഉപജില്ല: